3. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും ഡ്രൈവിംഗ് സ്കൂളുകൾ പരിശോധിച്ച് പ്രസ്തുത സ്കൂളുകളിൽ വേണ്ടത്ര യോഗ്യതയുള്ള പരിശീലകർ ഉണ്ടെന്ന് ഉറപ്പ് വരുത്തണം.

4. പ്രഥമ ശുശ്രൂഷ പരിശീലനം നൽകുന്നതിന് ആശുപത്രികളിൽ സൗകര്യം നൽകണം.

5. മോട്ടോർ വാഹന വകുപ്പ് പരിശീലകർക്കായി കൂടെക്കൂടെ ക്ലാസ്സുകൾ നടത്തണം.

6. മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥൻമാർ വർഷത്തിൽ കുറഞ്ഞത് 2 പ്രാവശ്യമെങ്കിലും ഡ്രൈവിംഗ് സ്കൂളുകൾ പരിശോധിച്ച് അവ നിയമ വിധേയമായിട്ടാണ് പ്രവർത്തിക്കുന്നത് എന്നും ഉറപ്പു വരുത്തണം.

7. 20 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾ ഡ്രൈവിംഗ് പരിശീലനത്തിന് ഉപയോഗിക്കുന്നത് നിരോധിക്കണം.

8. ഡ്രൈവിംഗ് പരിശീലകർക്ക് ഐഡന്റിറ്റി കാർഡ് നൽകണം.

തൊഴിലില്ലായ്മ വേതന കുടിശ്ശിക

*8 [98] ശ്രീ. വി. കെ. ചന്ദ്രൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലില്ലായ്മാനിരക്ക് ഗണ്യമായി വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമപ്രദേശങ്ങളിലെ മൊത്തം തൊഴിലില്ലായ്മാനിരക്കിലും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മാ നിരക്കിലും ഇന്ത്യയിൽ കേരളത്തിന്റെ സ്ഥാനം എത്രാമതാണെന്ന് വെളിപ്പെടുത്തുമോ;

(സി) തൊഴിൽ ഇല്ലാത്ത എത്ര പേർക്ക് ഇപ്പോൾ തൊഴിലില്ലായ്മാ വേതനം നൽകിവരുന്നുണ്ട്;

(ഡി) ആയത് കാലികമായി വർദ്ധിപ്പിക്കാനുദ്ദേശമുണ്ടോ;

(ഇ) ഏറ്റവും ഒടുവിൽ ഏതു മാസം വരെയുള്ള തൊഴിലില്ലായ്മാവേതനം നൽകിയിട്ടുണ്ട്;

(എഫ്) ഈ ഇനത്തിൽ എത്ര കോടി രൂപ കുടിശ്ശികയായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ഉണ്ട്.

(ബി) കൃത്യമായ വിവരം ലഭ്യമല്ല, എങ്കിലും ഇന്ത്യയിൽ ഇപ്പോൾ ആകെയുള്ള 415 ലക്ഷം തൊഴിൽ രഹിതരിൽ 39 ലക്ഷം പേരും കേരളത്തിൽ നിന്നാണ്. ഇത് ഇന്ത്യയിലെ മൊത്തം തൊഴിൽ രഹിതരുടെ 9.4% വരും.

(സി) സംസ്ഥാനത്ത് തൊഴിലില്ലാത്ത 3,87,370 പേർക്ക് ഇപ്പോൾ തൊഴിലില്ലായ്മാ വേതനം നൽകി വരുന്നുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല

(ഇ) 2001 ജൂൺ മാസം വരെയുള്ള തൊഴിലില്ലായ്മാ വേതനമാണ് ഏറ്റവും ഒടുവിൽ നൽകിയിട്ടുള്ളത്.

(എഫ്) 7/01 മുതൽ 12/03 വരെയുള്ള 30 മാസത്തെ തൊഴിൽ രഹിത വേതനം വിതരണം ചെയ്യുന്നതിനായി 387,370 ഗുണഭോക്താക്കൾക്ക് പ്രതിമാസം 120 രൂപ ക്രമത്തിൽ 139,45,32,000 രൂപ കുടിശ്ശികയായിട്ടുണ്ട്.

അടച്ചുപൂട്ടിക്കൊണ്ടിരിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ

*9 [99] ശ്രീമതി ഗിരിജാസുരേന്ദ്രൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങൾ ഓരോന്നായി അടച്ചുപൂട്ടിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം തരത്തിലുള്ള പ്രശ്നങ്ങളാണ് വ്യവസായ മേഖല നേരിട്ടുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിലും സഹകരണ മേഖലയിലും ഉള്ള വൻകിട ചെറുകിട വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയോ ഉൽപ്പാദനം ഭാഗികമായോ പൂർണ്ണമായോ നിർത്തിവയ്ക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly